റാവുബഹദൂർ എം. നാരായണമേനോൻ: (എ) ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിൽ യാതൊരു പ്രത്യേക വ്യവസ്ഥകളും പുതുതായി ഉണ്ടാക്കിയിട്ടില്ല.

(സി) ന്യായമാണെന്ന് ബോദ്ധ്യമായാൽ ഡെപ്യൂട്ടി കമ്മീഷണരോ, അദ്ദേഹം ഇല്ലാത്ത അവസരങ്ങളിൽ സി. ഐ. ബി. ഇൻസ്പെക്ടരോ കൊടുക്കുന്നതാണ്.

BRAKE CERTIFICATES FOR MOTOR VEHICLES—FEES FOR

147. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ടു സഭയെ മറുപടി പറയുമോ.—

(എ) മോട്ടോർ ബസ്സുകൾക്കു ബ്രേക്കു സർട്ടിഫിക്കറിനു നിശ്ചയിച്ചിട്ടുള്ള ഫീസു് എന്തു്;

(ബി) മോട്ടോർ കാറുകൾക്കു നിശ്ചയിച്ചിട്ടുള്ള ഫീസു് എന്തു്?

റാവുബഹദൂർ എം. നാരായണമേനോൻ: (എ) മോട്ടോർ ട്രക്കിനു രൂപ രണ്ടുവകയിൽ രണ്ടും ഉപവകയിൽ നിശ്ചയിച്ചതു്.

(ബി) മൻപ്രസ്ഥാവിച്ചതു തന്നെ.

PUNISHMENTS AWARDED TO POLICE FORCE

148. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ടു സഭയെ മറുപടി പറയുമോ.—

(എ) പോലീസു് കോൺസ്റ്റബിൾമാർ, ഹെഡ് കോൺസ്റ്റബിൾമാർ, ഇൻസ്പെക്ടർമാർ ഇവർ എന്തെങ്കിലും കുറ്റം ചെയ്താൽ ഡിപ്പാർട്ടുമെണ്ടിൽനിന്നു കൊടുക്കുന്ന മാക്സിമം ശിക്ഷ എന്താണ്;

(ബി) മാക്സിമം ശിക്ഷ അനുഭവിക്കാനിടവന്നിട്ടുള്ളവർ മേൽപറഞ്ഞ ഓരോ ഇനത്തിലും ഫലപ്രദർ, ഫലപ്രദ ഈ കൊല്ലങ്ങളിൽ എത്രവീതമുണ്ടു്;

(സി) ഒരേകുറ്റത്തിനു ശിക്ഷിക്കപ്പെട്ട കോൺസ്റ്റബിൾമാരിൽ ഒരാളെ വീണ്ടും ഉദ്യോഗത്തിൽ പ്രവേശിപ്പിക്കുകയും, മറേ ആളെ ഇപ്പോഴും ശിക്ഷയിൽ നിറുത്തിയിരിക്കുന്നതുമായ ഒരു സംഭവമുണ്ടായിട്ടുണ്ടോ;

(ഡി) ഈ കൊല്ലങ്ങളിൽ ശിക്ഷിക്കപ്പെട്ടവരിൽ ആരുടെയെങ്കിലും ശിക്ഷ അസ്ഥിരപ്പെടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly